"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സി-മെറ്റ്) - ജീവനക്കാര്യം - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI-MET) - യിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അധ്യാപക ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) 01.11.2022 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(കൈ) നം.258/2023/H&FWD തീയതി,തിരുവനന്തപുരം, 25-09-2023

---

പരാമർശം:-

1. സ.ഉ. (പി) നം.168/2008/ആ.കു.വ. തീയതി 23.05.2008
2. സിമെറ്റ് ഡയറക്ടറുടെ 02.02.2021, 27.03.2021, 07.07.2021, 17.12.2021, 05.02.2022, 06.08.2022, 23.11.2022, 14.07.2023 തീയതികളിലെ ഇ/1403/2018/സിമെറ്റ് നമ്പർ കത്തുകൾ
3. സ.ഉ. (കൈ) നം. 84/2023/ആ.കു.വ. തീയതി 04.04.2023

**ഉത്തരവ്**

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുന്നതിനായി പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായ **'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി' (സി-മെറ്റ്)** - യിലെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപക ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ 02.02.2021, 06.08.2022 തീയതികളിലെ പരാമർശം 2 കത്തുകൾ പ്രകാരം സിമെറ്റ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

**2)** നഴ്സിംഗ്/ പരാമെഡിക്കൽ മേഖലകളിൽ നൂതന സൗകര്യങ്ങളോടെ നഴ്സിംഗ് കോളേജുകളും പാരാ മെഡിക്കൽ കോഴ്സുകളും ആരംഭിക്കുക വഴി കഴിവുറ്റ പ്രൊഫഷണലുകളെ വാർത്തെടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനമാണ് സിമെറ്റ്. പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം സിമെറ്റിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രകാരം സിമെറ്റിലെ നിയമനരീതി കരാർ അടിസ്ഥാനത്തിലും നിയമന കാലാവധി പരമാവധി ഒരു വർഷത്തേക്കുമായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അധ്യാപക തസ്തികകൾക്ക് ബാധകമായത് കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**3)** സിമെറ്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു.

സിമെറ്റിന്റെ റൂൾസ് & റഗുലേഷൻസ് പ്രകാരം, സിമെറ്റിനുണ്ടാകുന്ന ചെലവുകൾ, ആർജ്ജിക്കുന്ന തനത് വരുമാനത്തിനുള്ളിൽനിന്നും കണ്ടെത്താൻ സ്ഥാപനം ബാധ്യസ്ഥമാണ്. സിമെറ്റിന്റെ തനത് ഫണ്ടിൽ നിന്ന് സഞ്ചിത വേതന പരിഷ്കരണം മൂലമുണ്ടാകുന്ന എല്ലാ ചെലവുകളും പൂർണ്ണമായും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലും, വേതന പരിഷ്കരണാനുകൂല്യങ്ങൾ സിമെറ്റ് ഗവേണിംഗ് ബോഡിയുടെയും, സർക്കാരിന്റെയും അനുമതിക്കും സിമെറ്റിന്റെ കാലാകാലങ്ങളിലുള്ള സാമ്പത്തിക സ്ഥിതിക്കും വിധേയമായിരിക്കുമെന്ന വ്യവസ്ഥയിലും, സിമെറ്റിൽ കരാർ വ്യസ്ഥയിൽ ജോലിചെയ്യുന്ന അധ്യാപക ജീവനക്കാരുടെ സഞ്ചിത വേതനം ചുവടെ ചേർക്കുന്നവിധം പരിഷ്കരിക്കുന്നു :

I. കൺസോളിഡേറ്റഡ് പേ ഫിക്സ് ചെയ്യുന്നതിനായി **കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) = അടിസ്ഥാന ശമ്പളം + അക്കാഡമിക് ഗ്രേഡ് പേ + 45% ക്ഷാമബത്ത (D.A.) + വീട്ടുവാടക ബത്ത (HRA) @2000 + 3% of basic pay as notional increment for each completed years of service in SI-MET up to the date of 01.11.2022'** എന്ന ശമ്പള പരിഷ്കരണ രീതി അവലംബിച്ച് 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI-MET) -ലെ **കരാർ വ്യസ്ഥയിൽ നിയമിതരായ അധ്യാപക ജീവനക്കാരുടെ സഞ്ചിത വേതനം 01.11.2022-തീയതി പ്രാബല്യത്തിൽ** പരിഷ്കരിക്കുന്നു.

I I . **അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സിമെറ്റിൽ 5 വർഷം പൂർത്തിയായവർക്ക് അക്കാഡമിക് ഗ്രേഡ് പേയിൽ 1000 രൂപ വർദ്ധനവ് നൽകി 7000 അക്കാഡമിക് ഗ്രേഡ് പേയിൽ ശമ്പളം ഫിക്സ് ചെയ്യുന്നു.**

III. **അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സിമെറ്റിൽ 10 വർഷം പൂർത്തിയായവർക്ക് 8000 അക്കാഡമിക് ഗ്രേഡ് പേയിൽ ശമ്പളം ഫിക്സ് ചെയ്യുന്നു.**

IV. SI-MET നഴ്സിംഗ് കോളേജുകളിൽ യോഗ്യരായ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതുവഴി, സ്ഥാപനങ്ങൾ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി **പ്രിൻസിപ്പൽ തസ്തികക്ക് പ്രതിമാസം കൺസോളിഡേറ്റഡ് പേ 90,000/- രൂപ ആയി നിജപ്പെടുത്തുന്നു.**

**4)** സർക്കാർ അനുമതിയില്ലാതെ കൺസോളിഡേറ്റഡ് പേ ഘടനയിൽ മാറ്റം വരുത്താൻ പാടില്ല. 31.10.2022 വരെയുള്ള കാലയളവ് വേതന കുടിശ്ശികക്ക് പരിഗണിക്കുകയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, സിമെറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത് -ബി) വകുപ്പ് (നം. 1720485/HLT-B2/44/2021-Fin)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1774 തീയതി 20.9.2023)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 25-09-2023 14:57:40
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-09-2023

ഫയൽ നം. സി3/66/2021/ആകുവ. ഇനം നം: 1774

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI-MET)-ലെ കരാർ അധ്യാപകരുടെ കൺസോളിഡേറ്റഡ് പേ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

21/9/...

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

21/9/2023

1774

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.സി3/66/2021/ആ.കു.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് |
| 3 | വിഷയം | | ആ.കു.വ - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI-MET) - ലെ കരാർഅധ്യാപകരുടെ കൺസോളിഡേറ്റഡ് പേ പരിഷ്കരിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.08.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതേ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ശ്രീജിത്ത് വി.പി |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 14.09.2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.09.2023 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.09.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.09.2023 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുന്നതിനായി പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി 23.05.2008 തീയതിയിലെ സ.ഉ (പി) നം.168/2008/ആ.കു.വ പ്രകാരം രൂപീകരിച്ച പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായ 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി' (SI-MET) - യിലെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപക ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

**2)** തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ധർമ്മ സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമം-1955 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട SI-MET ന് ചെയർപേഴ്സണും (ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി) വൈസ് ചെയർപേഴ്സണും (സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്) അടക്കം 15 അംഗ ഭരണസമിതിയാണുള്ളത്. പള്ളുരുത്തി, മലമ്പുഴ, ഉദുമ, മുട്ടത്തറ എന്നീ സ്ഥലങ്ങളിലായി സ്ഥിതിചെയ്യുന്ന 4 നഴ്സിംഗ് കോളേജുകൾ SI-MET ന് കീഴിൽ പ്രവർത്തിക്കുന്നു. B.Sc (N), Post Basic B.Sc (N) എന്നീ കോഴ്സുകളിലായി 4 നഴ്സിംഗ് കോളേജുകളിലുമായുള്ള ആകെ വാർഷിക വിദ്യാർത്ഥി പ്രവേശനശേഷി 300 ആണ്.

**3)** SI-MET ന് കീഴിലുള്ള 4 നേഴ്സിംഗ് കോളേജുകളിലായി ആകെ 87 അധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. 04/04/2023 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 84/2023/ആ.കു.വ പ്രകാരം സിമെറ്റിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രകാരം സിമെറ്റിലെ നിയമനരീതി കരാർ അടിസ്ഥാനത്തിലും നിയമനകാലാവധി പരമാവധി ഒരു വർഷത്തേക്കുമായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അധ്യാപക തസ്തികകൾക്ക് ബാധകമായത് കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**4)** സിമെറ്റിലെ കരാർ അധ്യാപക തസ്തികളിലെ സഞ്ചിത വേതനം പുതുക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 26.12.2022 തീയതിയിലെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"Considering the financial status of SI-MET and inevitable service of well qualified and experienced faculties to facilitate affiliation procedures of apex bodies like INC and KUHS in accordance with university norms and in order to satisfy the condition of remuneration in UGC pattern for recognition of Nursing Council, Finance agrees to revise the consolidated pay and designation of faculties of SIMET as follows:*

*1. The new structure will take* **effect from 1.11.2022**

*2. As in the existing pattern, the faculties may be granted consolidated pay, but it may follow UGC structure in its core. Consolidated pay shall be calculated as follows:*

**Consolidated Pay=Basic+AGP+DA+HRA (1200)+CCA (120)**

*CCA can be discontinued and HRA can be fixed as Rs.2000 for all.*

**Revised Consolidated Pay=Basic Pay+AGP+ Central DA wef 1.1.2006+HRA (2000)**

| SL No. | Existing (DA 35%) | Revised Structure<br>Revised Consolidated pay = Pay + AGP+ DA on (Pay+AGP)+ HRA (Rs 2000) | | | | |
|---|---|---|---|---|---|---|
| | *Designation* | *Consolidated Pay DA 35%* | *Designation* | *Consolidated Pay when* | *Consolidated Pay when* | *Consolidated Pay when* |

| | | | | DA 45% | DA 51% | DA 58% |
|---|---|---|---|---|---|---|
| 1 | Lecturer/15600+5400 | 29670 | Assistant Professor Pay Band – 3 15600 (BP) + 6000 (AGP) | 33320 | 34616 | 36128 |
| | Sr. Lecturer/15600+5400 | 30480 | | | | |
| 2 | | | After 5 years in 6000 AGP (5 years service in SI-MET) -7000 AGP | 34770 | 36126 | 37708 |
| 3 | | | After 5 years in 7000 AGP (10 years service in SIMET) – 8000 AGP | 36220 | 37636 | 39288 |
| 4 | | | After 3 years in 8000 AGP (13 years service in SIMET) Redesignated as Associate Professor and placed in 37400 + 9000 AGP | 69280 | 72064 | 75312 |
| 5 | | | After 3 years in 9000 AGP (16 years service in SIMET) Redesignated as Professor and placed in 37400 + 10000 AGP | 70730 | 73574 | 76892 |

*3. Based on the above structure, pay shall be fixed by selecting Central DA rates (wef 1.1.2006) and annual increments @3% of basic pay (rounded up to next multiple of 10) +AGP.* SI-MET has the choice of selecting Central DA rates subject to its financial position.

**5)** സിമെറ്റിലെ കരാർ അധ്യാപക തസ്തികളിലെ സഞ്ചിത വേതനം പുതുക്കുന്നത് സംബന്ധിച്ച വിഷയം 01.03.2023- ൽ ചേർന്ന മന്ത്രിസഭായോഗം പരിഗണിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ഇനം നം. 1388 ആയി കൈക്കൊണ്ട മന്ത്രിസഭായോഗ തീരുമാനം ചുവടെ ചേർക്കുന്നു.

*"ഇക്കാര്യം ധനകാര്യ വകുപ്പ് ഒന്നുകൂടി സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം പുതുക്കിയ കുറിപ്പ് മന്ത്രിസഭായോഗം മുൻപാകെ സമർപ്പിക്കേണ്ടതാണ്".*

**6)** പ്രസ്തുത മന്ത്രിസഭായോഗ തീരുമാന പ്രകാരം ധനകാര്യ വകുപ്പ് ഈ വിഷയത്തിൽ സൂക്ഷ്മ പരിശോധന നടത്തിയിരുന്നു. ധനകാര്യ വകുപ്പിന്റെ 06.06.2023 തീയതിയിലെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"ധന വകുപ്പിന്റെ 26.12.2022 തീയതിയിൽ അഭിപ്രായകുറിപ്പിൽ, ഈ വകുപ്പിന്റെ ശിപാർശയിൽ ശമ്പള വർദ്ധനവ് സൂചിപ്പിച്ചിട്ടുള്ള പട്ടികയിലെ അവസാന രണ്ട് കോളങ്ങൾ മാറ്റാവുന്നതും ഭാവിയിൽ സിമറ്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടാൽ സീമറ്റിന് ആ രീതിയിൽ ഒഴിവാക്കിയ കോളങ്ങളിൽ പരാമർശിച്ചിട്ടുള്ള DA കൾക്കനുസൃതമായി ശമ്പളം പരിഷ്കരിച്ച് നൽകാവുന്നതുമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു" .*

*ഇതിന് ബഹു ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്.*

**7)** SI-MET-ൽ നിലവിലുള്ള സഞ്ചിത വേതനം കണക്കാക്കിയിരിക്കുന്നത് 35% നിരക്കിൽ D.A അനുവദിച്ചുകൊണ്ടാണ്. വിവിധ അധ്യാപക തസ്തികകളിലെ നിലവിലെ സഞ്ചിത വേതനം ചുവടെ ചേർക്കുന്നു.

**പട്ടിക നം. 1**

| ക്രമ | തസ്തിക | അടിസ്ഥാന | ഗ്രേഡ് | HRA | CCA | കൺസോളി |
|---|---|---|---|---|---|---|

| നം. | | ശമ്പളം | പേ | | | ഡേറ്റഡ് പേ @ 35% D.A |
|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 37400 | 10000 | 1200 | 120 | 65310 |
| 2 | പ്രൊഫസർ/വൈസ് പ്രിൻസിപ്പൽ | 37400 | 10000 | 1200 | 120 | 65310 |
| 3 | അസ്സോസിയേറ്റ് പ്രൊഫസർ | 37400 | 9000 | 1200 | 120 | 63960 |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 15600 | 6000 | 1200 | 120 | 30480 |

8) ധനകാര്യ വകുപ്പ് നിർദ്ദേശിച്ച Basic pay+ Academic Grade Pay + 45%/51%/58% D.A + HRA @2000 എന്ന ശമ്പള പരിഷ്കരണ രീതി അടിസ്ഥാനമാക്കി സഞ്ചിതവേതനം കണക്കാക്കിയത് (നോഷണൽ ഇൻക്രിമെന്റ് ഒഴിവാക്കി) ചുവടെ പട്ടികയിൽ ചേർക്കുന്നു.

**പട്ടിക നം. 2**

| ക്രമ നം. | തസ്തിക | അടിസ്ഥാന ശമ്പളം | ഗ്രേഡ് പേ | HRA | കൺസോളിഡേറ്റഡ് പേ @ 45% DA | കൺസോളിഡേറ്റഡ് പേ @ 51% DA | കൺസോളിഡേറ്റഡ് പേ @ 58% DA |
|---|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 37400 | 10000 | 2000 | 70730 | 73574 | 76892 |
| 2 | പ്രൊഫസ | 37400 | 10000 | 2000 | 70730 | 73574 | 76892 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ർ/വൈസ് പ്രിൻസിപ്പൽ | | | | | | |
| 3 | അസ്സോസിയേറ്റ് പ്രൊഫസർ | 37400 | 9000 | 2000 | 69280 | 72064 | 75312 |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 15600 | 6000 | 2000 | 33320 | 34616 | 36128 |

**9)** ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ (INC) മാനദണ്ഡങ്ങൾ പ്രകാരം അധ്യാപക- വിദ്യാർത്ഥി അനുപാതം 1:10 ആയതിനാൽ, പ്രിൻസിപ്പൽ തസ്തിക അടക്കം 112 അധ്യാപക തസ്തികകൾ SI-MET- ൽ അനിവാര്യമാണ്. നിലവിൽ SI-MET-ൽ 87 അധ്യാപക തസ്തികകളാണുള്ളത്. INC മാനദണ്ഡം പാലിക്കുന്നതിനായി 25 അധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള അധ്യാപക തസ്തികകളിലെ വേതന പരിഷ്കരണം നടപ്പിലാക്കുന്നതുമൂലമുള്ള ചെലവ്, അധ്യാപക -വിദ്യാർത്ഥി അനുപാതം പാലിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കൽ, അനധ്യാപക തസ്തികകളിലെ വേതന പരിഷ്കരണം തുടങ്ങി വിവിധ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവും കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവും തമ്മിലുള്ള താരതമ്യം ചുവടെ പട്ടികയിൽ കാണിക്കുന്നു.

**പട്ടിക നം. 3**

| 2022-23 സാമ്പത്തിക വർഷത്തെ ആകെ വരവ് | വരും വർഷങ്ങളിൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് |
|---|---|
| **10,87,46,077** | **11,71,47,662** |

**10)** തുടർന്നുവരുന്ന അധ്യയന വർഷങ്ങളിലെ ഫീസ് വർദ്ധന

കണക്കിലെടുക്കുമ്പോൾ വരവും ചെലവും തുലനം ചെയ്ത് സാമ്പത്തിക പ്രതിസന്ധിയില്ലാതെ മുന്നോട്ട് പോകാൻ സിമെറ്റിന് സാധിക്കും. എന്നാൽ അധ്യാപക തസ്തികകളിലെ വേതന പരിഷ്കരണത്തിനായി നിർദ്ദേശിച്ച ശമ്പള പരിഷ്കരണ രീതിക്ക് പുറമെ മറ്റ് ചില വേതന പരിഷ്കരണാനുകൂല്യങ്ങൾ കൂടി അനുവദിക്കുന്നതിന് ധന വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. സിമെറ്റിന്റെ ഭാവി സാമ്പത്തിക ഭദ്രതയെ ബാധിക്കുന്ന പ്രസ്തുത ശിപാർശകൾ ചുവടെ ചേർക്കുന്നു.

എ) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സിമെറ്റിൽ 13 വർഷം പൂർത്തിയായവരെ 37400+9000 AGP- യിൽ അസ്സോസിയേറ്റ് പ്രൊഫസർ ആയി redesignate ചെയ്യണം.

ബി) അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 3 വർഷം പൂർത്തിയാക്കുകയും ഇത്തരുണത്തിൽ സിമെറ്റിൽ ആകെ സേവനകാലം 16 വർഷമുള്ളവരെ 37400+10000 AGP- യിൽ പ്രൊഫസർ ആയി redesignate ചെയ്യണം.

**11)** അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ ഏകദേശം ഇരട്ടിയാണ് അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ശമ്പളം. സിമെറ്റിൽ ജോലി ചെയ്യുന്ന കരാർ അധ്യാപക ജീവനക്കാരിൽ നല്ലൊരുപങ്കും 10 വർഷം പിന്നിട്ടവരാണ്. ഏതാനം വർഷങ്ങൾക്കുള്ളിൽ ഭൂരിഭാഗം ജീവനക്കാരും 13 വർഷം പൂർത്തിയാക്കുകയും അസ്സോസിയേറ്റ് പ്രൊഫസർ ആയി redesignate/Career Advancement Promotion (CAP) നൽകേണ്ടതായും വരും. ആ നിലക്ക് വേതനത്തിൽ കുത്തനെയുള്ള വർദ്ധനവ് ഉണ്ടാകും. കൂടാതെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജീവനക്കാരില്ലാത്ത സ്ഥിതി സംജാതമാകും. സിമെറ്റിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് 04/04/2023 തീയതിയിൽ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 84/2023/ആ.കു.വ പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസ് അനുസരിച്ച്

സിമെറ്റിലെ നിയമനരീതി കരാർ വ്യവസ്ഥയും ശമ്പളഘടന കൺസോളിഡേറ്റഡ് പേ- യും ആയതിനാൽ Career Advancement Promotion (CAP) / redesignation നൽകുകയെന്നത് സ്പെഷ്യൽ റൂൾസിന്റെ അന്തസത്തക്ക് യോജിച്ചതല്ല. പ്രസ്തുത ശിപാർശകൾ സിമെറ്റിനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുമെന്നതിനാൽ ഒഴിവാക്കാവുന്നതാണ്.

**12)** മേൽ സൂചിപ്പിച്ച രണ്ട് ശിപാർശകൾ ഒഴിവാക്കി എന്നാൽ സഞ്ചിത വേതനം ഫിക്സ് ചെയ്യുന്നതിനായി ധനകാര്യ വകുപ്പ് നിർദ്ദേശിച്ച ശമ്പള പരിഷ്കരണ രീതി അതേപടി പിന്തുടർന്ന് 45% D.A നിരക്കിൽ സഞ്ചിത വേതനം നിജപ്പെടുത്തുമ്പോൾ ഓരോ അധ്യാപക തസ്തികയിലും ലഭിക്കുന്ന വേതനം ചുവടെ പട്ടികയിൽ ചേർക്കുന്നു.

**പട്ടിക നം. 4**

| ക്രമ നം. | തസ്തിക | അടിസ്ഥാന ശമ്പളം | ഗ്രേഡ് പേ | HRA | നിലവിലുള്ള കൺസോളിഡേറ്റഡ് പേ @ 35% DA | ഭരണ വകുപ്പ് ശിപാർശ ചെയ്യുന്ന കൺസോളിഡേറ്റഡ് പേ @ 45% DA |
|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 37400 | 10000 | 2000 | 65310 | 70730 + 3% of basic pay as notional increment |
| 2 | പ്രൊഫസർ /വൈസ് പ്രിൻസിപ്പൽ | 37400 | 10000 | 2000 | 65310 | 70730 + 3% of basic pay as notional increment |
| 3 | അസ്സോസിയേറ്റ് പ്രൊഫസർ | 37400 | 9000 | 2000 | 63960 | 69280 + 3% of basic pay as notional increment |

| | | | | | | |
|---|---|---|---|---|---|---|
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 15600 | 6000 | 2000 | 30480 | 33320 + 3% of basic pay as notional increment |

*[അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ ഇരട്ടിയലധികമാണ് അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ സഞ്ചിത വേതനം എന്നത് മേൽ പട്ടികയിൽ കാണാൻ സാധിക്കും. കരാർ അധ്യാപക ജീവനക്കാരിൽ നല്ലൊരുപങ്കും 10 വർഷം പിന്നിട്ടതിനാൽ ഏതാനം വർഷങ്ങൾക്കുള്ളിൽ ഈ ജീവനക്കാർക്ക് അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ redesignation നൽകേണ്ടിവരും. ആയത് കണക്കിലെടുത്താണ് ധനകാര്യ വകുപ്പിന്റെ 'redesignation' സംബന്ധമായ ശിപാർശകൾ ഒഴിവാക്കേണ്ടിവരുന്നത്]*

**13)** പൂർത്തിയാക്കിയ ഓരോ വർഷ സേവനത്തിനും അടിസ്ഥാന വേതനത്തിന്റെ 3% നിരക്കിൽ നോഷണൽ ഇൻക്രിമെന്റും സർക്കാർ നഴ്സിംഗ് കോളേജുകൾക്ക് സമാനമായി അക്കാഡമിക് ഗ്രേഡ് പേയും നൽകുന്നതിനാൽ സിമെറ്റിലെ കരാർ അധ്യാപക ജീവനക്കാർക്ക് മെച്ചപ്പെട്ട വേതന പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിക്കും.

**14)** ഖണ്ഡിക 12-ൽ വിവരിച്ച പ്രകാരം ഭരണ വകുപ്പ് ശിപാർശ ചെയ്ത വേതന പരിഷ്കരണം നടപ്പിലാക്കുമ്പോളുള്ള വാർഷിക ചെലവ് പട്ടിക നം. 5-ൽ ചേർക്കുന്നു.

**പട്ടിക നം. 5**

| ക്രമ നം. | തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | ഗ്രേഡ് പേ | HRA | കൺസോളിഡേറ്റഡ് പേ @ 45% DA | ആകെ വാർഷിക ചെലവ് |
|---|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പ | 4 | 37400 | 10000 | 2000 | 70730 | 33,95,040 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ൽ | | | | | | |
| 2 | പ്രൊഫസർ /വൈസ് പ്രിൻസിപ്പൽ | 4 | 37400 | 10000 | 2000 | 70730 | 33,95,040 |
| 3 | അസ്സോസിയേറ്റ് പ്രൊഫസർ | 8 | 37400 | 9000 | 2000 | 69280 | 66,50,880 |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 96 | 15600 | 6000 | 2000 | 33320 | 3,83,84,640 |
| | ആകെ | 112 | | | | | **5,18,25,600*** |

* നോഷണൽ ഇൻക്രിമെന്റ് ഒഴികെയുള്ളത്

മേൽ സൂചിപ്പിച്ച ചെലവ് കൂടാതെ Career Advancement Promotion (CAP)/redesignation നൽകുമ്പോഴുള്ള ചെലവ് കൂടി ധനകാര്യ വകുപ്പ് ശിപാർശ ചെയ്ത വേതന പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടാകും. സിമെറ്റിലെ കരാർ അധ്യാപക തസ്തികകളിൽ നിയമനം തുടങ്ങിയത് 2010 മുതലാണ്. Career Advancement Promotion (CAP)/redesignation നൽകുമ്പോഴുള്ള ചെലവ് നിലവിലുള്ള കരാർ ജീവനക്കാർ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 13 വർഷം പൂർത്തിയാകുന്ന മുറക്ക് വർദ്ധിക്കും. Career Advancement Promotion/redesignation നൽകുന്നതുമൂലം 2023 മുതൽ 4 വർഷത്തേക്ക് വഹിക്കേണ്ട ചെലവ് ചുവടെ പട്ടികയിൽ ചേർക്കുന്നു.

**പട്ടിക നം. 6**

| ക്രമ നം. | തസ്തിക | എണ്ണം | കൺസോളിഡേറ്റഡ് പേ @ 45% DA | വാർഷിക ചെലവ് | Career Advancement Promotion (CAP) /redesignation നൽകുമ്പോഴുള്ള ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | | | | | 2023 | 2024 | 2025 | 2026 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 4 | 70730 | 33,95,040 | – | – | – | – |
| 2 | പ്രൊഫസർ/വൈസ് പ്രിൻസിപ്പൽ | 4 | 70730 | 33,95,040 | – | – | – | – |
| 3 | അസ്സോസിയേറ്റ് പ്രൊഫസർ | 8 | 69280 | 66,50,880 | – | – | – | – |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 96 | 33320 | 3,83,84,640 | 25,89,120 | 431520 | 12,94,560 | – |
| | ആകെ | 112 | | **5,18,25,600** | **43,15,200** | | | |

ഭരണ വകുപ്പ് ശിപാർശ ചെയ്ത വേതന പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ആകെ ചെലവ് - **5,18,25,600/-**

ധനകാര്യ വകുപ്പ് ശിപാർശ ചെയ്ത വേതന പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ആകെ ചെലവ് - 5,18,25,600 + 43,15,200 = **5,61,40,800/- (2025-ൽ)**

*[അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ Career Advancement Promotion (CAP)/*redesignation *ന് 2023 ൽ 6, 2024- ൽ 1, 2025- ൽ 3 എന്നീ ക്രമത്തിൽ കരാർ ജീവനക്കാർ അർഹരാകും. തുടർന്നുള്ള വർഷങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 13 വർഷം പൂർത്തിയാകുന്ന മുറക്ക് മറ്റ് കരാർ ജീവനക്കാർക്കും Career Advancement Promotion (CAP)/*redesignation *നൽകുന്നതുവഴി സാമ്പത്തിക ബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കും]*

**15)** SI-MET -ന്റെ റൂൾസ് & റഗുലേഷൻസ് പ്രകാരം, സിമെറ്റിനുണ്ടാകുന്ന ചെലവുകൾ, ആർജ്ജിക്കുന്ന തനത് വരുമാനത്തിനുള്ളിൽനിന്നും കണ്ടെത്താൻ

സ്ഥാപനം ബാധ്യസ്ഥമാണ്. സിമെറ്റിന്റെ തനത് ഫണ്ടിൽ നിന്ന് സഞ്ചിത വേതന പരിഷ്കരണം മൂലമുണ്ടാകുന്ന എല്ലാ ചെലവുകളും പൂർണ്ണമായും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലും, വേതന പരിഷ്കരണാനുകൂല്യങ്ങൾ SIMET ഗവേണിംഗ് ബോഡിയുടെയും, സർക്കാരിന്റെയും അനുമതിക്കും സിമെറ്റിന്റെ കാലാകാലങ്ങളിലുള്ള സാമ്പത്തിക സ്ഥിതിക്കും വിധേയമായിരിക്കുമെന്ന വ്യവസ്ഥയിലും, ഖണ്ഡിക നം. 10, 11 എന്നിവയിൽ വിവരിക്കുംപ്രകാരം ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സിമെറ്റിൽ കരാർ വ്യസ്ഥയിൽ ജോലിചെയ്യുന്ന അധ്യാപക ജീവനക്കാരുടെ സഞ്ചിത വേതനം ചുവടെ ചേർക്കുന്നവിധം പരിഷ്കരിക്കാവുന്നതാണ്.

I. കൺസോളിഡേറ്റഡ് പേ ഫിക്സ് ചെയ്യുന്നതിനായി ധനകാര്യ വകുപ്പ് നിർദ്ദേശിച്ച 'കൺസോളിഡേറ്റഡ് പേ = അടിസ്ഥാന ശമ്പളം+ അക്കാഡമിക് ഗ്രേഡ് പേ + 45% D.A + HRA @2000 + 3% of basic pay as notional increment for each completed years of service in SIMET up to the date of 01.11.2022' എന്ന ശമ്പള പരിഷ്കരണ രീതി അവലംബിച്ച് 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI-MET) -ലെ കരാർ വ്യസ്ഥയിൽ നിയമിതരായ അധ്യാപക ജീവനക്കാരുടെ സഞ്ചിത വേതനം 01.11.2022-തീയതി പ്രാബല്യത്തിൽ പരിഷ്കരിക്കാവുന്നതാണ്.

II. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സിമെറ്റിൽ 5 വർഷം പൂർത്തിയായവർക്ക് അക്കാഡമിക് ഗ്രേഡ് പേയിൽ 1000 രൂപ വർദ്ധനവ് നൽകി 7000 അക്കാഡമിക് ഗ്രേഡ് പേയിൽ ശമ്പളം ഫിക്സ് ചെയ്യാവുന്നതാണ്.

III. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സിമെറ്റിൽ 10 വർഷം പൂർത്തിയായവർക്ക് 8000 അക്കാഡമിക് ഗ്രേഡ് പേയിൽ ശമ്പളം ഫിക്സ് ചെയ്യാവുന്നതാണ്.

IV. SI-MET നഴ്സിംഗ് കോളേജുകളിൽ യോഗ്യരായ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതുവഴി, സ്ഥാപനങ്ങൾ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി പ്രിൻസിപ്പൽ തസ്തികക്ക് പ്രതിമാസം കൺസോളിഡേറ്റഡ് പേ 90,000/- രൂപ ആയി നിജപ്പെടുത്താവുന്നതാണ് .

16) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

(SI–MET) –ലെ കരാർ അധ്യാപക ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ പരിഷ്ക്കരിക്കുന്നതിനായി മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു: മുഖ്യമന്ത്രി അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വേതന പരിഷ്കരണ മാതൃക ആധാരമാക്കി എന്നാൽ പ്രസ്തുത വകുപ്പ് നിർദ്ദേശിച്ച വേതന പരിഷ്കരണ ആനുകൂല്യങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഖണ്ഡിക നം. 15–ലെയും, സിമെറ്റ് സ്പെഷ്യൽ റൂളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI–MET) –യിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അധ്യാപക ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ (സഞ്ചിത വേതനം) 01.11.2022 തീയതി പ്രാബല്യത്തിൽ ഖണ്ഡിക നം. 15 (I, II, III & IV) – ൽ വിവരിക്കും വിധം പരിഷ്ക്കരിക്കാമോ ?

# GOVERNMENT OF KERALA
# (SRI. PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | C3/66/2021/H&FWD |
| 2. | Department | : | Health & Family Welfare (C) Department |
| 3. | Subject | : | Revising the consolidated pay of contract teaching faculties of State Institute of Medical Education & Technology (SI-MET) – Reg. |
| 4. | Date of Chief Minister's order for placing before the Council | : | 17.08.2023 |
| 5. | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | :<br>: | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri. Sreejith .V.P |
| 8. | Name of Principal Secretary who approved the Draft Note | : | Sri. A.P.M Muhammed Hanish |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 14.09.2023 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. Venu V |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 14.09.2023 |
| 12. | Name of Minister who approved the Draft Note | : | Smt.Veena George |
| 13. | Date of approval of the Draft Note for the Council by the Minister | : | 14.09.2023 |
| 14. | Date of Submission of fair copies | : | 14.09.2023 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the revision of consolidated pay in respect of the contract teaching staff of State Institute of Medical Education & Technology (SI-MET), which was established as a fully Government controlled Society vide G.O (P) No.168/2008/H&FW dated 23.05.2008 with a view to give prominence to medical education in the State by starting new educational institutions and to promote research in the field of medical education.

**2)** SI-MET, which was constituted under Tranvancore-Cochin Literary, Scientific and Charitable Societies Registration Act -1955, has a 15 member Governing Council including Chairperson (Hon'ble Minister for Health & Family Welfare) and Vice Chairperson (Secretary, Health & Family Welfare Department). Four nursing colleges located at Palluruthi, Malampuzha, Uduma and Muttathara are functioning under the aegis of SI-MET. B.Sc (N) and Post Basic B.Sc (N) courses were offered in these colleges and the annual intake capacity would come to a combined total of 300.

**3)** A total of 87 teaching posts have been created among the four Nursing Colleges. As per G.O (Ms) No. 84/2023/H&FWD dated 04/04/2023, Special Rules governing the service conditions of SIMET has been framed. As per the special rules, the mode of appointment in SIMET is on contract basis and the appointment period is for a maximum period of one year. It has also been stipulated that consolidated pay shall be applicable to contract teaching posts.

**4)** With regard to the revision of consolidated pay of teaching posts in SIMET, on 26.12.2022, Finance Department has remarked as follows:

*"Considering the financial status of SI-MET and inevitable service of well qualified and experienced faculties to facilitate affiliation procedures of apex bodies like INC and KUHS in accordance with university norms and in order to satisfy the condition of remuneration in UGC pattern for recognition of Nursing Council, Finance agrees to revise the consolidated pay and designation of faculties of SIMET as follows:*

*1. The new structure will take* **effect from 1.11.2022**

*2. As in the existing pattern, the faculties may be granted consolidated*

*pay, but it may follow UGC structure in its core. Consolidated pay shall be calculated as follows:*

**Consolidated Pay=Basic+AGP+DA+HRA (1200)+CCA (120)**

*CCA can be discontinued and HRA can be fixed as Rs.2000 for all.*

**Revised Consolidated Pay=Basic Pay+AGP+ Central DA wef 1.1.2006+HRA (2000)**

| SL No. | Existing (DA 35%) | Revised Structure<br>Revised Consolidated pay = Pay + AGP+ DA on (Pay+AGP)+ HRA (Rs 2000) | | | | |
|---|---|---|---|---|---|---|
| | *Designation* | *Consolidated<br>Pay DA 35%* | *Designation* | *Consolidated<br>Pay when DA 45%* | *Consolidated<br>Pay when DA 51%* | *Consolidated<br>Pay when DA 58%* |
| *1* | *Lecturer/15600+5400* | *29670* | *Assistant Professor Pay Band – 3<br>15600 (BP) + 6000 (AGP)* | *33320* | *34616* | *36128* |
| | *Sr. Lecturer/15600+5400* | *30480* | | | | |
| *2* | | | *After 5 years in 6000 AGP (5 years service in SI-MET) -7000 AGP* | *34770* | *36126* | *37708* |
| *3* | | | *After 5 years in 7000 AGP (10 years service in SIMET) - 8000 AGP* | *36220* | *37636* | *39288* |

| | | | | | | |
|---|---|---|---|---|---|---|
| *4* | | **7)** | *After 3 years in 8000 AGP (13 years service in SIMET) Redesignated as Associate Professor and placed in 37400 + 9000 AGP* | *69280* | *72064* | *75312* |
| *5* | | | *After 3 years in 9000 AGP (16 years service in SIMET) Redesignated as Professor and placed in 37400 + 10000 AGP* | *70730* | *73574* | *76892* |

*3. Based on the above structure, pay shall be fixed by selecting Central DA rates (w.e.f 1.1.2006) and annual increments @3% of basic pay (rounded up to next multiple of 10) +AGP.* SI-MET has the choice of selecting Central DA rates subject to its financial position.

**5)** The matter regarding the revision of consolidated pay of teaching faculties in SIMET was discussed in the meeting of the Council of Ministers held on 01.03.2023. Decision in this regard13 pt reported as item No. 1388 is given below:

*"ഇക്കാര്യം ധനകാര്യ വകുപ്പ് ഒന്നുകൂടി സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം പുതുക്കിയ കുറിപ്പ് മന്ത്രിസഭായോഗം മുൻപാകെ സമർപ്പിക്കേണ്ടതാണ്".*

**6)** In accordance with the decision of the Council of Ministers, the matter has been scrutinised by the Finance Department. Remarks dated 06.06.2023 of the Finance Department is as follows:

*"ധന വകുപ്പിന്റെ 26.12.2022 തീയതിയിൽ അഭിപ്രായകുറിപ്പിൽ, ഈ വകുപ്പിന്റെ ശിപാർശയിൽ ശമ്പള വർദ്ധനവ് സൂചിപ്പിച്ചിട്ടുള്ള പട്ടികയിലെ അവസാന രണ്ട്*

കോളങ്ങൾ മാറ്റാവുന്നതും ഭാവിയിൽ സിമറ്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടാൽ സിമറ്റിന് ആ രീതിയിൽ ഒഴിവാക്കിയ കോളങ്ങളിൽ പരാമർശിച്ചിട്ടുള്ള DA കൾക്കനുസൃതമായി ശമ്പളം പരിഷ്കരിച്ച് നൽകാവുന്നതുമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

**7)** Existing consolidated pay in SIMET was calculated fixing D.A rates at 35%. Existing consolidated pay in various teaching posts are shown below:

**Table 1**

| Sl No. | Post | Basic pay | Grade pay | HRA | CCA | Consolidated pay @ 35% D.A |
|---|---|---|---|---|---|---|
| 1 | Principal | 37400 | 10000 | 1200 | 120 | 65310 |
| 2 | Professor/ Vice Principapl | 37400 | 10000 | 1200 | 120 | 65310 |
| 3 | Associate Professor | 37400 | 9000 | 1200 | 120 | 63960 |
| 4 | Assitant Professor | 15600 | 6000 | 1200 | 120 | 30480 |

**8)** Consolidated pay calculated (excluding notional increment) based on the method 'Consolidated Pay = 'Basic Pay + Academic Grade Pay + 45%/51%/58% D.A + HRA @2000 proposed by Finance Department is given in the below table:

**Table 2**

| Sl No. | Post | Basic pay | Grade pay | HRA | Consolidated pay @ 45% D.A | Consolidated pay @ 51% D.A | Consolidated pay @ 58% D.A |
|---|---|---|---|---|---|---|---|
| 1 | Principal | 37400 | 10000 | 2000 | 70730 | 73574 | 76892 |
| 2 | Professor/ Vice | 37400 | 10000 | 2000 | 70730 | 73574 | 76892 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Princiapl | | | | | | |
| 3 | Associate Professor | 37400 | 9000 | 2000 | 69280 | 72064 | 75312 |
| 4 | Assitant Professor | 15600 | 6000 | 2000 | 33320 | 34616 | 36128 |

**9)** Since the teacher-student ratio is 1:10 as per Indian Nursing Council (INC) norms, 112 teaching posts including the post of Principal are required for SI-MET. Currently 87 teaching posts are available in SI-MET. 25 teacher posts need to be created in order to meet the INC criteria. The table below shows the comparison between the revenue generated by SIMET during 2022-23 and the expected expenditure on various items includi13 ptng the expenditure due to implementation of wage revision of teaching posts as proposed by the Finance Department, creation of new posts to meet the required teacher-student ratio, wage revision in non-teaching posts etc.

**Table 3**

| Total revenue for 2022-23 | Expected expediture in the upcoming financial years |
|---|---|
| **10,87,46,077** | **11,71,47,662** |

**10)** Considering the increase in fees for the subsequent academic years, SIMET will be able to balance revenue and expenditure and move ahead without financial crisis. But apart from the 'wage revision formula' proposed, Finance Department has also recommended to grant some other wage revision benefits. Below are the said recommendations affecting the future financial stability of SIMET:

A) Those who have completed 13 years in the post of Assistant Professor in SIMET should be redesignated as Associate Professor at 37400+9000 AGP.

B) Those who have completed 3 years in the post of Associate Professor and have a total service of 16 years in SIMET should be redesignated as Professor at 37400+10000 A.G.P.

**11)** Pay in the post of Associate Professor is almost double compared to the post of Assistant Professor. Most of the contract teaching staff working in SIMET have completed more than 10 years of service. Within a few years, most of the contract teaching staff would complete 13 years and as such they are to be granted Career Advancement Promotion (CAP)/redesignated as Associate Professor. As a result, there will be a steep rise in wages and shortage of teaching staff in the post of Assistant Professor. Since the Special Rules governing the service conditions in SIMET, issued vide G.O (MS) No. 84/2023/H&FWD dated 04/04/2023, prescribes the mode of appointment in SIMET 'on contract basis' and the wage structure is prescribed as 'consolidated pay', aforesaid recommendations would not suit the spirit of the special rules. Therefore, the said recommendations may be avoided as it would sent SIMET to financial crisis.

**12)** Consolidated pay applicable to each teaching post calculated by following the pay revision formula prescribed by the Finance Department but excluding the aforesaid recommendations are shown in the below table:

**Table 4**

| Sl No. | Post | Pay scale | Grade pay | HRA | Existing consolidated pay @ 35% D.A | Consolidated pay proposed by the Aadministrative Department @ 45% DA |
|---|---|---|---|---|---|---|
| 1 | Principal | 37400-67000 | 10000 | 2000 | 65310 | 70730 + 3% of basic pay as notional increment |
| 2 | Professor/Vice Princiapl | 37400-67000 | 10000 | 2000 | 65310 | 70730 + 3% of basic pay as notional increment |
| 3 | Associate Professor | 37400-67000 | 9000 | 2000 | 63960 | 69280 + 3% of basic pay as notional |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | increment |
| 4 | Assitant Professor | 15600-39100 | 6000 | 2000 | 30480 | 33320 + 3% of basic pay as notional increment |

*[From the above table, it may be seen that the consolidated pay in the post of Associate Professor is more than double the pay of Assistant Professor. As most of the contract teaching staff have completed 10 years in SIMET, these staff will have to be re-designated to the post of Associate Professor with in a few years and thereby raising the expenditure to a greater extent. Taking consideration of this aspect, recommendations of the Finance Department regarding 'redesignation' is being avoided]*

**13)** Contract teaching faculties in SIMET will get better pay revision benefits since notional increment at the rate of 3% of basic pay for each completed year of service and hike in academic grade pay as in Government nursing colleges are provided.c3/588

**14)** Annual Expenditure to be incurred owing to the implementation of wage revision recommended by Administrative Department as described in para 12 is given in Table 5.

**Table No.5**

| Sl No. | Post | No. of posts | Pay scale | Grade pay | HRA | Consolidated pay | Total annual financial commitment |
|---|---|---|---|---|---|---|---|
| 1 | Principal | 4 | 37400-67000 | 10000 | 2000 | 70730 | 33,95,040 |
| 2 | Professor/ Vice Princiapl | 4 | 37400-67000 | 10000 | 2000 | 70730 | 33,95,040 |
| 3 | Associate Professor | 8 | 37400-67000 | 9000 | 2000 | 69280 | 66,50,880 |
| 4 | Assitant Professor | 96 | 15600-39100 | 6000 | 2000 | 33320 | 3,83,84,640 |
| | TOTAL | 112 | | | | | **5,18,25,600** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | * |

* Excluding notional increment

Apart from the expenditure mentioned above, expenses on account of granting Career Advancement Promotion (CAP) shall also be met while implementing the wage revision recommended by the Finance Department. Recruitment to the teaching posts in SIMET started from the year 2010. Expenditure on granting Career Advancement Promotion (CAP)/redesignation will gradually increase once the existing contract employees complete the required period of 13 years in the post of Assistant Professor. Expenditure to be incurred on granting Career Advancement Promotion for the four years starting from 2023 is shown below:

**Table 6**

| Sl No. | Post | No. of posts | Consolidated pay | Annual expenditure | Expenditure due to Career Advancement Promotion (CAP)/redesignation | | | |
|---|---|---|---|---|---|---|---|---|
| | | | | | 2023 | 2024 | 2025 | 2026 |
| 1 | Professor/ Vice Princiapl | 4 | 70730 | 33,95,040 | - | - | - | - |
| 2 | Associate Professor | 4 | 70730 | 33,95,040 | - | - | - | - |
| 3 | Assitant Professor | 8 | 69280 | 66,50,880 | - | - | - | - |
| 4 | TOTAL | 96 | 33320 | 3,83,84,640 | 25,89,120 | 431520 | 12,94,560 | - |
| | Post | 112 | | **5,18,25,600** | **43,15,200** | | | |

Annual Expenditure to be incurred owing to the implementation of wage

revision recommended by Administrative Department – **5,18,25,600/-**

Annual Expenditure to be incurred owing to the implementation of wage revision recommended by Finance Department - 5,18,25,600 + 43,15,200 = **5,61,40,800/- (as of 2025)**

*[In 2023, 2024 and 2025 contract employees in the sequence of six, one and three respectively will become eligible for Career Advancement Promotion (CAP)/redesignation in the post of Assistant Professor. Financial burden will continue to increase in the subsequent years also as a result of granting Career Advancement Promotion (CAP)/redesignation to the other contractual employees, who complete 13 years in the post of Assistant Professor]*

**15)** Rules & Regulations of SI-MET stipulates that the posts shall be created within the limits of the revenue generated by the institution. Consolidated pay of teaching staff employed on contractual basis in SIMET may be revised in such a way that all the expenditure arising out of the revision of consolidated pay shall be met from the own funds of SIMET. Wage revision benefits shall be in accordance with the financial position of SIMET from time to time and subject to the approval of the governing body of SIMET and the Government. Necessary changes may be brought to the recommendations of Finance Department as provided in paragraph No. 10 and 11 and revision of consolidated pay may be made as follows:

I. By adopting the consolidated pay fixation method proposed by Finance Department 'Consolidated Pay = 'Basic Pay + Academic Grade Pay + 45% D.A + HRA @2000 + 3% of basic pay as notional increment for each completed years of service in SIMET up to the date of 01.11.2022', consolidated pay of teaching faculties appointed in State Institute of Medical Education and Technology (SI-MET) on contract basis may be revised with effect from 01.11.2022.

II. Those who have completed 5 years in SIMET in the cadre of Assistant Professor may be given an increase of Rs.1000/- and the AGP may be fixed at Rs. 7000/-.

III. Those who have completed 10 years in SIMET in the cadre of Assistant Professor may be granted AGP @ 8000/-.

IV. As part of maintaining the required standard of the nursing institution, qualified hands need to be appointed. Therefore, consolidated pay in the post of Principal may be fixed at Rs. 90,000/- (Rupees Ninety Thousand only)

**16)** Approval of the Council of Ministers is required for revising the consolidated pay of the teaching faculties of the State Institute of Medical Education and Technology (SI-MET). Hon'ble Chief Minister had ordered to place the matter for the consideration of the Council of Ministers.

## POINT FOR DECISION

Whether sanction may be accorded for revising the consolidated pay of teaching faculties of the State Institute of Medical Education and Technology (SI-MET), who were appointed on contract basis, with effect from 01.11.2022, adopting the consolidated pay fixation method proposed by Finance Department but with necessary modifications regarding wage revision benefits as provided in paragraph No. 15 (I, II, III & IV) subject to the conditions laid down in paragraph No.15 and the special rules for SI-MET.